# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 11, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി**

**പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി**

**റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി**

**രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി**

## വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ

*241 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടില്ലാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആയത് അടിയന്തരമായി നടപ്പിലാക്കുമോയെന്ന് അറിയിക്കുമോ;

(സി) വിനോദസഞ്ചാര മേഖലകളിലെ മാലിന്യനിക്ഷേപവും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും തടയുന്നതിന് സ്ഥിരം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

## ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ്

*242 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ ഭാഗമായി എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റിലെ പദ്ധതികൾ പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പദ്ധതികൾ തടസ്സമില്ലാതെ ആരംഭിക്കാൻ ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ട്രാവൽ, ഹോസ്പിറ്റാലിറ്റി മേഖലകൾ നവീകരിക്കുന്നതിനുതകുന്ന പദ്ധതികൾക്ക് നിക്ഷേപം സമാഹരിക്കാൻ എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ലഹരിക്കെതിരെ ബോധവൽക്കരണം</u>

*243 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിയുടെ ദൂഷ്യവശങ്ങളെയും അവ സമൂഹത്തിൽ ഉണ്ടാക്കുന്ന ഗുരുതര പ്രത്യാഘാതങ്ങളെയും കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ലഹരിയുടെ ദൂഷ്യവശങ്ങളും അവ സമൂഹത്തിൽ ഉണ്ടാക്കുന്ന ഗുരുതര പ്രത്യാഘാതങ്ങളും പാഠ്യ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അവ ഉൾപ്പെടുത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>ദേശീയ പാത 66-ന്റെ പ്രവൃത്തി പുരോഗതി</u>

*244 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീമതി ദെലീമ**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 66-ന്റെ പ്രവൃത്തി പുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; മിഷൻ 2025 എന്ന പദ്ധതി ആവിഷ്കരിച്ചതിന് ശേഷം പ്രസ്തുത പ്രവൃത്തിയിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ; പൂർത്തിയായ റീച്ചുകളുടെ വിശദവിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) ദേശീയ പാത 66-ന്റെ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ള റെയിൽവേ ഓവർ ബ്രിഡ്ജുകളുടെയും ഫ്ലൈ ഓവറുകളുടെയും അണ്ടർ പാസ്സുകളുടെയും പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(സി) നിർമ്മാണപ്രവൃത്തിയിലെ അപാകതകൾ മൂലം മഴക്കാലത്ത് റോഡുകളിൽ ഉണ്ടായ പ്രശ്നങ്ങൾ പ്രത്യേകമായി പഠിച്ച് അവ ഭാവിയിൽ ആവർത്തിക്കാത്തവിധം പരിഹരിക്കുന്നതിന് സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ?

**താലൂക്ക് ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന പരാതികൾ**

*245 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ താലൂക്ക് ഓഫീസുകളിലായി രണ്ടുലക്ഷത്തോളം പരാതികൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി പറയപ്പെടുന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർവേ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) താലൂക്ക്, സർവേ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ്**

*246 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ മുൻവർഷത്തേക്കാൾ 1.17 ലക്ഷം കുട്ടികളുടെ കുറവ് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുട്ടികൾ കുറയുന്നതുമൂലം അധ്യാപക തസ്തികകളിൽ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ടോ; അറിയിക്കുമോ;

(സി) പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**വിനോദസഞ്ചാര വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ പദ്ധതികൾ**

*247 **ശ്രീ. മാണി. സി. കാപ്പൻ**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പ് കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കിയ പദ്ധതികളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) സാമ്പത്തിക ക്രമക്കേടുകൾക്ക് പുറമെ നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ്, പദ്ധതി നടപ്പാക്കാനെടുത്ത സമയം എന്നിവയിലും ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പൊതുമേഖലയിൽ വിനോദസഞ്ചാര രംഗത്ത് വേണ്ടത്ര പുരോഗതി ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വിനോദസഞ്ചാര മേഖലയിൽ നിർമ്മിച്ചിട്ടുള്ള കണ്ണാടി പാലങ്ങൾ സുരക്ഷിതമാണെന്ന് ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ ഫ്ലോട്ടിംഗ് ബ്രിഡ്ജുകൾ വിജയകരമായിരുന്നോ; അവ ശാസ്ത്രീയമാണോ; അവയുടെ സുരക്ഷിതത്വം എത്രമാത്രം ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സേവന ആനുകൂല്യങ്ങൾ</u>

*248 **ശ്രീ എം നൗഷാദ്**
**ശ്രീ. എം. എം. മണി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സേവന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഗൃഹനിർമ്മാണത്തിന് സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിനായി പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഡി) തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലെ പുരോഗതി വിശദമാക്കാമോ?

## <u>ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം</u>

*249 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി യു പ്രതിഭ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി രൂപപ്പെടുത്തിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആയ യൂണിറ്റുകൾ ഉത്തരവാദിത്വ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തത് സംബന്ധിച്ച വിശദാംശം ലഭ്യമാണോ;

(സി) സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് നൽകിവരുന്ന സഹായവും പ്രസ്തുത രംഗത്തെ പുരോഗതിയും വെളിപ്പെടുത്തുമോ;

(ഡി) സ്ത്രീകളുടെ ചെറുസംഘങ്ങളായുള്ള യാത്രകളെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി</u>

*250 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കേന്ദ്രങ്ങൾ വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം പുതിയ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി ആസൂത്രണം ചെയ്ത തുടർപ്രവർത്തനങ്ങൾ വിവരിക്കാമോ;

(ഡി) നിലവിൽ പൂർത്തീകരിച്ചിട്ടുള്ള പദ്ധതികളിൽ സ്വകാര്യ പങ്കാളിത്തം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>വയനാട് ദുരന്തബാധിതരുടെ അന്തിമ ലിസ്റ്റ്</u>

*251 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ദുരന്തബാധിതർക്ക് സഹായം ലഭ്യമാക്കുന്നതിനായി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വയനാട് ദുരന്തബാധിതർക്ക് ദിവസംതോറും നൽകിക്കൊണ്ടിരുന്ന 300 രൂപ 2024 ഒക്ടോബർ മുതൽ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണവും ഇത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

## <u>ക്ഷേമനിധി ബോർഡുകൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ</u>

*252 **ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധി ബോർഡുകളുടെ സംയോജനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) തൊഴിലാളികൾക്ക് അംഗത്വവും ആനുകൂല്യങ്ങളും നൽകുന്നതിനായി ഏകീകൃത സോഫ്റ്റ്‌വെയർ പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സോഫ്റ്റ്‌വെയർ പ്രയോജനപ്രദമാണോ;

(ഡി) നിലവിലെ അംഗത്വ രജിസ്ട്രേഷൻ നടപടികളുടെയും ആനുകൂല്യ വിതരണങ്ങളുടെയും പുരോഗതി അറിയിക്കാമോ?

**<u>സാഹസിക വിനോദസഞ്ചാരം</u>**

*253 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളും മലകളും ജലാശയങ്ങളും അടങ്ങിയ സംസ്ഥാനത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദസഞ്ചാരത്തിന് അനുയോജ്യമാണെന്ന് കരുതുന്നുണ്ടോ;

(ബി) പാരാഗ്ലൈഡിംഗ്, കനോയിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങൾക്കായുള്ള സൗകര്യങ്ങൾ വികസിപ്പിക്കുന്ന വിഷയം ആലോചനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) മലബാർ മേഖലയിൽ ഇത്തരം സൗകര്യമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

**<u>പൊതുമരാമത്ത് പാലങ്ങളുടെ സംരക്ഷണവും പരിപാലനവും</u>**

*254 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിന്റെ പരിപാലനത്തിൽ നിലവിലുള്ള പാലങ്ങളുടെ വിശദാംശം നൽകാമോ;

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കിയ പാലങ്ങളുടെ വിശദവിവരവും ചെലവഴിച്ച തുകയുടെ വിശദാംശവും അറിയിക്കാമോ;

(സി) പാലങ്ങളുടെ നിർമ്മാണത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനും മനോഹാരിത വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) പാലങ്ങളുടെ സംരക്ഷണത്തിലും പരിപാലനത്തിലും ആധുനികമായ എന്തെല്ലാം സംവിധാനങ്ങളാണ് വികസിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി</u>

*255 **ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ റെയിൽവേ മേൽപ്പാലങ്ങളുടെ വിശദാംശം നൽകാമോ;

(ബി) നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന റെയിൽവേ മേൽപ്പാലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണപുരോഗതി അറിയിക്കാമോ;

(സി) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതൊക്കെ ആർ.ഒ.ബി. കൾക്കാണ് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(ഡി) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിൽ നവീന സാങ്കേതിക സാധ്യതകൾ ഉപയോഗപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ?

## <u>ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയിൽ കൈറ്റ്-ന്റെ സേവനം</u>

*256 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സംസ്ഥാനത്തിന്റെ ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയിൽ നൽകിവരുന്ന സേവനങ്ങൾ വിശദമാക്കാമോ;

(ബി) ഭൗതിക സാഹചര്യ വികസനത്തിൽ കൈറ്റിന്റെ പങ്ക് വിശദമാക്കുമോ;

(സി) ഡിജിറ്റൽ ക്ലാസുകളുടെ മേഖലയിൽ കൈറ്റ് നൽകിവരുന്ന സേവനങ്ങൾ വിവരിക്കാമോ;

(ഡി) ആനിമേഷൻ, റോബോട്ടിക്സ്, എ.ഐ. തുടങ്ങിയ മേഖലകളിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നതിന് കൈറ്റിന്റെ സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടോ;

(ഇ) സ്കൂൾ വിദ്യാഭ്യാസത്തിനായുള്ള സംസ്ഥാനത്തിന്റെ സ്വന്തം എ.ഐ. എഞ്ചിൻ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## നദികളിലെ സാൻഡ് ഓഡിറ്റിംഗ്

*257 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. മുരളി പെരുനെല്ലി**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളിലെ പ്രളയജല നിർഗ്ഗമനം സുഗമമാക്കുന്നതിന്റെ ഭാഗമായി നദികളിൽ സാൻഡ് ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രളയ ജലനിരപ്പിനെപ്പറ്റിയുള്ള ശാസ്ത്രീയ പഠനത്തിന്റെ ഭാഗമായി നദികളിൽ ഫ്ലഡ് ലെവൽ മാർക്കിംഗ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നദികളിലും അനുബന്ധ ജലാശയങ്ങളിലും അടിഞ്ഞുകൂടി കിടക്കുന്ന മണൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാത്തവിധം വാരിമാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

## ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങളുടെ വിതരണം

*258 **ശ്രീ. എ. കെ. എം. അഷ്റഫ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾവഴി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശിക എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

*259 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ ദേശീയ ശരാശരിയേക്കാൾ ഉയർന്നുനിൽക്കുന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) നൂതന സാങ്കേതികവിദ്യകൾ വഴിയുള്ള തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി തൊഴിലന്വേഷകരെയും വിദ്യാർത്ഥികളെയും സജ്ജരാക്കുന്നതിനായി നടത്തിവരുന്ന വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>സാറ്റലൈറ്റ് സർവേ പൂർത്തീകരിക്കാൻ നടപടി</u>**

*260 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാറ്റലൈറ്റ് സർവേ പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സാറ്റലൈറ്റ് സർവേയിലെ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**<u>ഒയാസിസ് കമ്പനിക്ക് ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയ സംഭവം</u>**

*261 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് എലപ്പുള്ളിയിൽ മദ്യനിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ ഒയാസിസ് കമ്പനിക്ക് 24.59 ഏക്കർ ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ബി) കമ്പനികൾക്ക് നിയമാനുസരണം കൈവശം വയ്ക്കാവുന്ന ഭൂമിയുടെ പരിധി 15 ഏക്കർ ആണെന്നിരിക്കെ ഒയാസിസ് കമ്പനിക്ക് 24.59 ഏക്കർ ഭൂമി രജിസ്റ്റർ ചെയ്ത് നൽകിയത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത രജിസ്ട്രേഷൻ സാധൂകരിച്ച് നൽകിയത് ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ?

**<u>ആഗോള നിക്ഷേപക ഉച്ചകോടിയിലെ റോഡ് വികസന പദ്ധതികൾ</u>**

*262 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**

**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള നിക്ഷേപക ഉച്ചകോടിയിൽ സംസ്ഥാനത്തിന്റെ റോഡ് വികസനത്തിന് നിർണ്ണായകമായ പദ്ധതികൾ കേന്ദ്ര ഉപരിതല ഗതാഗതവകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വ്യവസായവികസനം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലെ വളർച്ചയ്ക്ക് ഇപ്പോൾ പ്രഖ്യാപിച്ച റോഡ് വികസന പദ്ധതികൾ സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ഏതെല്ലാം റോഡ് വികസന പദ്ധതികളാണ് നിക്ഷേപക ഉച്ചകോടിയുടെ ഭാഗമായി പരിഗണിക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് ഉതകുന്ന തരത്തിൽ ഇതര സംസ്ഥാനങ്ങളുമായുള്ള റോഡ് കണക്ടിവിറ്റി സാധ്യമാക്കുന്നതിന് ഇപ്പോൾ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള റോഡ് വികസന പദ്ധതികൾ എത്രത്തോളം സഹായകമാണെന്ന് വ്യക്തമാക്കുമോ?

## <u>ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ</u>

*263 **ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവും സംരക്ഷിക്കുന്നതിന് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ലഭ്യമാക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ;

(ബി) ഫാക്ടറി രജിസ്ട്രേഷന്റേയും ലൈസൻസിംഗിന്റേയും രംഗത്ത് വകുപ്പിന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ദുരന്ത മുന്നറിയിപ്പുകൾ നൽകുന്നതിനും സുരക്ഷാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) തൊഴിൽപരമായ രോഗങ്ങൾ കണ്ടെത്തുന്നതിന് വകുപ്പിന് സംവിധാനങ്ങളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## <u>ഡാറ്റാബാങ്കിലെ ന്യൂനതകൾ പരിഹരിക്കാൻ നടപടി</u>

*264 **ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റുന്നതിനും ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനുമായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ബാഹുല്യം റവന്യൂ ഓഫീസുകളുടെ പതിവ് പ്രവർത്തനങ്ങളെ ബാധിക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ ഭൂരിഭാഗവും ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിന് വേണ്ടിയുള്ളതാണെന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ;

(സി) വില്ലേജുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാബാങ്കിലെ ന്യൂനതകൾ പരിഹരിച്ച് കുറ്റമറ്റതാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>പൊതുവിദ്യാലയങ്ങളിൽനിന്നും വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് തടയൽ</u>**

*265 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം മുകേഷ്**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലത്ത് പൊതുവിദ്യാലയങ്ങളിൽനിന്നും വിദ്യാർഥികൾ കൊഴിഞ്ഞുപോയതിന്റെ വിശദാംശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ;

(ബി) 2016 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ പ്രസ്തുത കൊഴിഞ്ഞുപോക്ക് തടയാനും കൂടുതൽ വിദ്യാർഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) 2011-16 കാലത്ത് അടച്ചുപൂട്ടിയ വിദ്യാലയങ്ങളുടെ വിവരം അറിയിക്കാമോ;

(ഡി) പ്രസ്തുത വിദ്യാലയങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ നിലനിർത്തുന്നതിന് 2016 മുതൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

**<u>ടൂറിസം മേഖലയിൽ പുതിയ സ്റ്റാർട്ടപ്പുകൾ</u>**

*266 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിൽ പുതിയ സ്റ്റാർട്ടപ്പുകൾ വളർന്നു വരുന്നതായി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സ്റ്റാർട്ടപ്പുകളുമായി യോജിച്ച് പ്രവർത്തിക്കാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് സ്റ്റാർട്ടപ്പുകളുമായി യോജിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പരിസ്ഥിതി സൗഹൃദ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് മുൻഗണന ലഭ്യമാകും വിധം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സ്കൂൾ പഠനം ഡിജിറ്റലാക്കാൻ നടപടി

*267 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത അധ്യയനവർഷം മുതൽ സ്കൂൾ പഠനം പൂർണ്ണമായും ഡിജിറ്റലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) സ്വയം പഠനത്തിനായി പ്രത്യേക പോർട്ടൽ രൂപീകരിക്കുമോ; വിശദമാക്കുമോ;

(സി) ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ ഇംഗ്ലീഷിനായി യൂട്യൂബ് ചാനൽ ആവിഷ്കരിച്ച് നടപ്പാക്കുമോ;

(ഡി) ഒരോ പാഠ്യപദ്ധതിയും രസകരമാക്കുന്നതിനും വിദ്യാർത്ഥികളിൽ താൽപര്യം ജനിപ്പിക്കുന്നതിനുമായി പാഠ്യപദ്ധതിയുടെ ഇ-ഉള്ളടക്കം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## ഐ.ടി.ഐ. പാഠ്യപദ്ധതി പരിഷ്കരണം

*268 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായം കാലാനുസൃതമായ പരിഷ്കരണത്തിനും പുനഃസംഘടനയ്ക്കും വിധേയമാക്കണമെന്ന വസ്തുത വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐ.ടി.ഐ.കളിലെ നിലവിലെ കോഴ്സുകളും പഠന സമ്പ്രദായവും സമൂലമായ പുനഃസംഘടനയ്ക്ക് വിധേയമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കാലഹരണപ്പെട്ട ഐ.ടി.ഐ. കോഴ്സുകൾ ഘട്ടംഘട്ടമായി നിർത്തലാക്കുന്നതിനും കാലാനുസൃതമായി ഏറെ പ്രസക്തിയുള്ള നൈപുണ്യ പരിശീലന പദ്ധതികൾ ആരംഭിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) ആയാസകരമായ തൊഴിൽ പരിശീലന കോഴ്സുകളിലേക്കുൾപ്പെടെ പെൺകുട്ടികൾ പ്രവേശനം നേടുന്ന സാഹചര്യത്തിൽ ഐ.ടി.ഐ. പഠനം സ്ത്രീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിഷ്കാരങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) നൈപുണ്യപരിശീലനത്തോടൊപ്പം തൊഴിൽ ചെയ്യുന്നതിന് കഴിയും വിധം ഐ.ടി.ഐ. ക്ലാസുകളുടെ സമയം ക്രമപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## സ്കൂൾ പരീക്ഷാ രീതിയിലെ മാറ്റം

*269 **ശ്രീ. ടി. വി. ഇബ്രാഹിം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിൽ മികവുള്ള കുട്ടികളെ കൃത്യമായി കണ്ടെത്തുന്ന രീതിയിൽ സ്കൂൾ പരീക്ഷകളെ മാറ്റുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെങ്കിലും പഠനം നടത്തിയിരുന്നോ; വിശദാംശം നൽകുമോ?

## ഏത് രജിസ്ട്രാർ ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം

*270 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഓഫീസുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാനുള്ള പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ നിന്നുള്ള വരുമാനം സംബന്ധിച്ച വിശദവിവരം അറിയിക്കാമോ;

(സി) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിലെ കൃത്രിമത്വം ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) ഒരു ജില്ലക്കാർക്ക് ജില്ലയിലെ ഏത് രജിസ്ട്രാർ ഓഫീസിലും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഇ) സംസ്ഥാനത്തെവിടെയും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 മാർച്ച് 2, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്:

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].